ശ്രീ. കെ. എം. ജോർജ്ജ് : പ്രൈവറ്റ് സെക്രട്ടറിൽനിന്നും ഇതിലേയ്ക്ക് വല്ല അപേക്ഷകളും കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഈ സ്റ്റാർച്ചുഫാക്ടറിക്ക് എത്ര പണം ഗവണ്മെൻറ് നിക്ഷേപിച്ചിട്ടുണ്ട്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതൊന്നു സ്ഥാപിച്ചു കണ്ടാൽക്കൊള്ളാമെന്നുണ്ട്. പക്ഷേ പണം ഒന്നും നിക്ഷേപിച്ചിട്ടില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : അതു പബ്ലിക്ക് സെക്ടറിൽ എടുക്കണമെന്നു വിചാരിക്കുന്നില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പബ്ലിക്ക് സെക്ടറിൽ സ്റ്റാർച്ചു ഫാക്ടറി തുടങ്ങണമെന്നു ഗവണ്മെൻറ് ഉദ്ദേശിക്കുന്നില്ല.

ശ്രീ. കെ. എ. ശിവരാമഭാരതി : നൽമില്ല് എവിടെയെങ്കിലും തുടങ്ങാൻ നിശ്ചയിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ള ഗോവിന്ദമേനോൻ : അങ്ങിനെ ഉദ്ദേശമുണ്ട്. എവിടെയെന്നു തീരുമാനിച്ചിട്ടില്ല.

ശ്രീ. പി. ആർ. മാധവൻപിള്ള : ലോഹവ്യവസായങ്ങൾ എവിടെയെക്കെയാണ് തുടങ്ങാൻ നിശ്ചയിച്ചിട്ടുള്ളത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു ഇൻഡ്യാഗവണ്മെൻറാണു തീരുമാനിക്കുന്നതു്.

നാളികേരത്തിന്റെ വിലയിടിവു്.

* 251. [3] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് അഗ്രോനോമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേരത്തിനുണ്ടായിരിക്കുന്ന വിലയിടിവു് ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാളികേരത്തിന്റെ വിലയിടിവു് തടയുന്നതിനു ഗവണ്മെൻറ് ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) നാളികേരത്തിനുണ്ടായ വിലയിടിവു് ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നാളികേരത്തിന്റെ വിലയിടിവു തടയുന്നതിനു് ഇൻഡ്യാഗവണ്മെൻറ് വ്യവസായവകുപ്പുമന്ത്രിയെക്കണ്ടു് സംസാരിച്ചു് കാര്യം ധരിപ്പിച്ചിട്ടുണ്ട്.

ശ്രീ. വി. ശ്രീധരൻ : കുടക്കുടെയുണ്ടാകുന്ന വിലയിടിവിന്റെ കാരണം എന്താണെന്നു് ഗവണ്മെൻറ് അന്വേഷിച്ചിട്ടുണ്ടോ; അതിന്റെ ഫലം എന്തായി എന്നു് പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇതു് ഫസ്റ്റ് ഗ്രൂപ്പിൽപ്പെട്ട അട്ടിക്കിൾസിൽ പെട്ടതുകൊണ്ടു് അവയ്ക്കു സാമാന്യമായ വിലയിടിവു വന്നതുകൊണ്ടു് ഇതു നാളികേരംശ്രേണിയും പ്രതിഫലിച്ചതാണു്.

ശ്രീ. വി. ശ്രീധരൻ : കൊപ്രായ്ക്കു് ഏർപ്പെടുത്തിയിരിക്കുന്ന ഇറക്കുമതിച്ചുങ്കം കുറച്ചതുകൊണ്ടാണെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെയും ഒരഭിപ്രായമുണ്ടു്. അതു് ഇൻഡ്യാ ഗവണ്മെൻറിനെ അറിയിച്ചിട്ടു് ആ അഭിപ്രായം ശരിയാണെന്നു് അവർ സമ്മതിക്കുന്നില്ല.

ശ്രീ. സി. ജി. സദാശിവൻ : കേന്ദ്രമന്ത്രിയുടെ അഭിപ്രായം ഇതേ സംബന്ധിച്ചു് എന്താണു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നാളികേരത്തിനു് ഇറക്കുമതിച്ചുങ്കം കുറച്ചതുകൊണ്ടാണെന്നുള്ളതു് അദ്ദേഹം സമ്മതിക്കുന്നില്ല.

ശ്രീ. സി. ജി. സദാശിവൻ : മറ്റെന്തു് നിർദ്ദേശമാണു് അദ്ദേഹം തന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അദ്ദേഹം ഒന്നും നിർദ്ദേശിച്ചില്ല.

ശ്രീ. കെ. സി. എബ്രഹാം : നാളികേരത്തിനുണ്ടായ വിലയിടിവു രാജ്യത്തെ സാമ്പത്തികസ്ഥിതിയെ സാരമായി ബാധിച്ചിട്ടുണ്ടെന്നു് ഗവണ്മെൻറിനു് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതുകൊണ്ടാണു് ഇൻഡ്യാ ഗവണ്മെൻറിനു നിവേദനങ്ങൾ നടത്തിക്കൊണ്ടിരുന്നതു്.

ശ്രീ. കെ. സി. എബ്രഹാം : ഈ പരിതസ്ഥിതി ഇൻഡ്യാ ഗവണ്മെൻറിനും ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കാർഷിക വിലയിടിവു് വന്നിട്ടുണ്ടു് എന്നു ധരിക്കാൻ ശക്തിയുള്ള ഗവണ്മെൻറാണു് അതു്.

ശ്രീ. പി. വി. അവിരാതരകൻ : നാളികേരത്തിനു വില കുറഞ്ഞിരിക്കുന്ന സ്ഥിതിക്കു് ഒരു മിനിമംവില ഫിക്സ് ചെയ്യാൻ ഗവണ്മെൻറ് ശ്രദ്ധിക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിൽ അനേകം കാര്യങ്ങളുണ്ടു്. അതു് ഈ ഗവണ്മെൻറിനു് തീരുമാനം ചെയ്യാൻ സാദ്ധ്യമല്ല.

ശ്രീ. പി. വി. അവിരാതരകൻ : നാളികേരകൃഷിക്കാർക്കു് ഒരു സബ്സിഡി കൊടുക്കാൻ ഗവണ്മെൻറ് വ്യവസ്ഥചെയ്യുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : വേണ്ടിവന്നാൽ വ്യവസ്ഥ ചെയ്യാം.

ശ്രീ. പി. ആർ. മാധവൻപിള്ള : നാളികേരത്തിൻറെ വിലയിടിവു മൂലം കേരകർഷകരുടെ ജീവിതത്തിൽ 25 ശതമാനം താഴ്ന്നുപോയിട്ടുണ്ടെന്നറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കേരകർഷകരുടെ ജീവിത മാനദണ്ഡം ഉയരുകയല്ല ചെയ്യുന്നതെന്നറിയാം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഈ ചങ്കാ ഇളവുചെയ്ത് കൊടുത്തതാണ് വിലയിടിവിനു കാരണമെന്നു കാണിച്ച് ഈ ഗവണ്മെൻറിൽ നിന്നും നിവേദനമെങ്കിലും നടത്താൻ തയ്യാറാകുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ നിവേദനമെങ്കിലും നടത്തിയിട്ടുണ്ട്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഈ അടുത്തകാലത്ത് സിലോൺ ഗവണ്മെൻറ് അവിടെനിന്നും ഇങ്ങോട്ടു കൊപ്രകയറ്റി അയയ്ക്കുന്നതിനുള്ള ചങ്കും വെട്ടിക്കുറച്ചതുകൊണ്ടാണ് ഈ വിലയിടിവ് വന്നതെന്നറിയാമോ?

Mr. SPEAKER : That is a matter of opinion.

ഗ്രാമീണ വ്യവസായങ്ങൾ.

* 252. [4] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്ത് ഗ്രാമീണവ്യവസായങ്ങൾ ആരംഭിക്കുന്നതു സംബന്ധിച്ച് ഗവണ്മെൻറ് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചു നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തേണ്ട ഗ്രാമീണവ്യവസായങ്ങളെപ്പറ്റിയും ചെറുകിട വ്യവസായങ്ങളെപ്പറ്റിയും അന്വേഷിച്ച് റിപ്പോർട്ടുചെയ്യുവാൻ പ്ലാനിംഗ് കമ്മീഷൻ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത കമ്മിറ്റിയുടെ മുമ്പാകെ ഈ ഗവണ്മെൻറ് എന്തെങ്കിലും നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതു് എന്താണെന്നു് വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ടു്. ഈ സംസ്ഥാനത്തു് ഗ്രാമീണ വ്യവസായങ്ങൾ ആരംഭിക്കുന്നതു സംബന്ധിച്ചു് ഒരു പദ്ധതി രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ആസൂത്രണം ചെയ്തിട്ടുണ്ടു്.

(ബി) പ്ലാനിംഗ് കമ്മീഷൻ ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടു്.

(സി) ഉണ്ടു്.

(ഡി) പ്രസ്തുത കമ്മിറ്റിയുടെ മുമ്പാകെ നേരിട്ടു് ഹാജരായി ഈ സംസ്ഥാനത്തു് ആരംഭിക്കുവാൻ പോകുന്ന ചെറുകിട ഗ്രാമീണ വ്യവസായങ്ങളുടെ വിശദാംശങ്ങൾ അടങ്ങിയ സ്റ്റേറ്റുമെൻറ് സമർപ്പിക്കുകയും ഈ സംസ്ഥാനത്തു് നിർദ്ദേശിച്ചിട്ടുള്ള പരിപാടികൾ നടപ്പിലാക്കുന്നതിനു വേണ്ട സഹായധനവും മറ്റു ഒത്താശകളും ഇൻഡ്യാ ഗവണ്മെൻറ് ചെയ്തുതരണമെന്നു് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. വി. ശ്രീധരൻ : ഏതെല്ലാം ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനാണ് ധനസഹായം ആവശ്യപ്പെട്ടിട്ടുള്ളതു് ?

LIBRARY ARCHIVES Kerala Legislative Assembly